കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വാഴക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 7/31/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 06.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാഴക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം7/31/2017 തീയ്യതി:06.02.2017

## മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 16-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന്

മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ

ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-12-2016 മുതൽ 27-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. സഹദ്. ഒ | ഓഡിറ്റർ (21-12-2016 to 23-12-2016 (ഒഴികെ) |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. സി. സുനിൽകുമാർ | 01-04-2015 മുതൽ 31-10-2015വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01-11-2015 മുതൽ 11-11-2015വരെ |
| ശ്രീമതി. എം. ഹാജറുമ്മ | 12-11-2015 മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സി.പി.ഫ്രാൻസിസ്, അസിസ്റ്റന്റ് സെക്രട്ടറി, ഇൻ ചാർജ് | 01.04.2015 മുതൽ 24.05.2015 വരെ |
| ശ്രീ. കെ. ജയപ്രകാശൻ | 25.05.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സി.പി.ഫ്രാൻസിസ്, അസിസ്റ്റന്റ് സെക്രട്ടറി, ഇൻ ചാർജ് | 01.04.2015 മുതൽ 24.05.2015 വരെ |
| | ശ്രീ. കെ. ജയപ്രകാശൻ | 25.05.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സി.പി.ഫ്രാൻസിസ് | 01.04.2015 മുതൽ |

| | | |
|---|---|---|
| | | 18.08.2015 വരെ |
| | ശ്രീ. ആർ. അനിൽകുമാർ | 19.08.2015 മുതൽ 01.09.2015 വരെ |
| | vaccant | 02.09.2015 മുതൽ 22.11.2015 വരെ |
| | ശ്രീ. സുബ്രഹ്മണ്യൻ. ആർ | 23.11.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. അജയ് അലക്സ് | 01.04.2015 മുതൽ 05.01.2016 വരെ |
| | ശ്രീമതി. ബിന്ദു കെ.കെ, (അധിക ചുമതല) | 06.01.2016 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ. ഷാജി | 01.04.2015 മുതൽ 22.09.2015 വരെ |
| | ഡോ. പ്രിയ എ.ആർ | 23.09.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. പാത്തുമ്മ. ഒ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. രഞ്ജുമോൻ. സി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. മുഹമ്മദ് റഹ്മത്തുള്ള ടി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. ഇ.എൻ വത്സരാജൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | ഡോ. അശ്വിൻ. സി.പി | 01.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിവേക് വി ദേവൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ബി. സത്യൻ | 01.04.2015 മുതൽ 19.05.2015 വരെ |
| | ശ്രീ. രായീൻ കുട്ടി. കെ.ടി | 20.05.2015 മുതൽ 04.08.2015 വരെ |
| | ശ്രീമതി. ജയ. ഒ.ആർ | 05.08.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | തൊഴിൽ നികുതി വരവ് - അപാകതകൾ | 2-1 | |
| 13 | വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല | 2-2 | |
| 14 | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 2-3 | |
| 15 | ഡി & ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി അധികം പണം നൽകി | 3-1 | |
| 17 | സമഗ്ര തെങ്ങ് കൃഷി വികസനം - തെങ്ങിൻതൈ മുഴുവനായും വിതരണം ചെയ്തില്ല | 3-2 | |
| 18 | ദിവസ വേതനം നൽകിയത്- അപാകതകൾ | 3-3 | |
| 19 | യാത്രബത്ത മുൻകൂർ - അപാകതകൾ | 3-4 | |
| 20 | ആർജ്ജിതാവധി സറണ്ടർ അധികം നൽകി | 3-5 | |
| 21 | പച്ചക്കറി വികസനം പ്രൊജക്റ്റ് - അപാകതകൾ | 3-6 | |
| 22 | സ്വകാര്യ ശ്മശാനത്തിന് ചുറ്റുമതിൽ നിർമിച്ച നൽകി | 3-7 | |
| 23 | പഞ്ചായത്ത് ഓഫീസ് ഡിജിറ്റലൈസേഷൻ - അപാകതകൾ | 3-8 | |
| 24 | ചെലവിന് അനുബന്ധ രേഖകൾ ലഭ്യമല്ല | 3-9 | |
| 25 | ഓട്ടോറിക്ഷ വിതരണം അപാകതകൾ | 3-10 | |
| 26 | പത്രപ്പരസ്യം - അധികം പണം നൽകി. | 3-11 | |
| 27 | ചെലവിന് അനുബന്ധ രേഖകൾ ലഭ്യമല്ല | 3-12 | |
| 28 | പ്ലാൻ മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി | 3-13 | |
| 29 | മീഡിയാശ്രീ - നടപ്പാക്കിയില്ല | 3-14 | |
| 30 | സമഗ്ര നെൽ കൃഷി - നെൽ വിത്ത് വിതരണം ചെയ്തില്ല | 3-15 | |
| 31 | മരുന്നുകൾ മുഴുവനായും ലഭ്യമല്ല | 3-16 | |
| 32 | ഭക്ഷണസാധനങ്ങൾക്ക് അധിക വില നൽകി | 3-17 | |

| | | | |
|---|---|---|---|
| 33 | നെൽ കൃഷി ഉൽപാദന ബോണസ് വിതരണ വിവരം ലഭ്യമല്ല | 3-18 | |
| 34 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-19 | |
| 35 | വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല | 3-20 | |
| 36 | തെരുവ് വിളക്ക് - രേഖകൾ സൂക്ഷിക്കുന്നില്ല | 3-21 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 38 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 46 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 5-1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 24.03.2015 ലെ 25/2015-ാം നമ്പർ തീരുമാനപ്രകാരവും, 2015-16 ലെ പുതുക്കിയ ബജറ്റ് 01.03.2016 ലെ 83/2016-ാം നമ്പർ തീരുമാനപ്രകാരവും, അംഗീകരിച്ചു.
വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 07.03.2015 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർന്ന് 24.03.2015 ന് പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1) പ്രകാരം – ജനവരി 15 നുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ പരിഗണിച്ച് ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒന്നുംതന്നെ ഇത്തരത്തിലുള്ള ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിച്ചതായും കാണുന്നില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയ നികുതി ഇനങ്ങളായ പരസ്യ നികുതി സേവന നികുതി എന്നിവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ

സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1 എ) - സമർപ്പിക്കപ്പെട്ട നിർദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കേണ്ടതായിരുന്നുവെങ്കിലും 24.03.2015 ന് മാത്രമാണ് ബജറ്റ് ഭരണസമിതി മുമ്പാകെ അവതരിപ്പിച്ചത്.

സെക്ഷൻ 214(3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്താതെ തന്നെ മുൻവർഷ വരവിനെക്കാൾ വളരെ അധികം തുക ഉൾപ്പെടുത്തിയിരിക്കുന്നു.

ഏതാനും ഇനങ്ങളിലെ വിവരങ്ങൾ താഴെ നൽകുന്നു

| ഇനം | മുൻ വർഷത്തെ യഥാർത്ഥ വരവ് | ബജറ്റിൽ ഉൾപ്പെടുത്തിയത്. |
|---|---|---|
| വസ്തു നികുതി | 2585711 | 4500000 |
| തൊഴിൽ നികുതി. | 1446200 | 3000000 |
| ഡി & ഒ ലൈസൻസ് | 42250 | 400000 |
| പെർമിറ്റ് ഫീ | 262231 | 1200000 |
| വാടക | 986102 | 1700000 |

ബജറ്റിൽ വരവ് ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പാലിക്കാതെ വരവ് കണക്കാക്കിയത് മൂലം ഏതാനും വരവിനങ്ങളിൽ പഞ്ചായത്തിന്റെ തൻവർഷ വരവ് തുകകൾ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ വളരെ കുറവാണ്

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം(കുറവ്) |
|---|---|---|---|
| വസ്തു നികുതി | 4500000 | 2177703 | 2322297 |
| തൊഴിൽ നികുതി | 3000000 | 1713000 | 1287000 |
| ഡി & ഒ ലൈസൻസ് | 400000 | 111500 | 288500 |
| പെർമിറ്റ് ഫീ | 1200000 | 142208 | 1057792 |
| വാടക | 1700000 | 1286483 | 413517 |

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2014 | 29-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സൂചിപ്പിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ(മുൻ വർഷത്തെ അപാകതകൾ ക്രമീകരിച്ചതുൾപ്പെടെ ) സമർപ്പിച്ചിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പെമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല, വിശദമായ വരവ് ചെലവ് പത്രിക അംഗീകരിച്ചിട്ടില്ല.

3. മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

5. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

6. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

7. ബാങ്ക് ബുക്ക് ദിനേന സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

( ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27242416 |
| വരവ് | 44484144 |
| ആകെ | 71726560 |
| ചെലവ് | 64669164 |
| നീക്കിയിരുപ്പ് | 7057396 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ഗവ. പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3514854 | 10447728 | 0 | 13962582 | 12710667 | 1251915 | 91 |
| വികസനഫണ്ട് എസ്.സി.പി. | 2707965 | (-)1399682 | 7653682 | 8961965 | 6249108 | 2712857 | 69.7 |
| വികസനഫണ്ട് ടി.എസ്.പി. | 64000 | (-)64000 | 361000 | 361000 | 0 | 361000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 671038 | 0 | 3084000 | 3755038 | 3232184 | 522854 | 86.1 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1566223 | 0 | 3133000 | 4699223 | 3130210 | 1569013 | 66.6 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3722458 | (-)5683539 | 9650031 | 7688950 | 6509913 | 1179037 | 84.7 |
| പെർഫോമൻസ് ഗ്രാന്റ് | 3429536 | (-)3300507 | 3300507 | 3429536 | 3358495 | 71041 | 97.9 |
| MGNREGS | 480541 | 0 | 21801194 | 22281735 | 22272902 | 8833 | 99.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 281 | 84933677 | 194 | 49378928 | 3 | 84 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ കണക്കുകളിൽ താഴെ പറയും പ്രകാരം വർധന / കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5239767 | 4736337 | 503430 | (-) 9.6 |
| നികുതിയേതര വരവുകൾ | 8263589 | 7928223 | 335366 | (-) 4.05 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 13503356 | 12664560 | 838796 | (-) 6.2 |

ഗ്രാമപഞ്ചായത്ത് കഴിഞ്ഞ വർഷം നൽകിയ കണക്കുകളിൽ 2014-15 ലെ തനത് വരുമാനവും ഇപ്പോഴത്തെ വരവും തമ്മിൽ വ്യത്യാസം ഉണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 820080 | 557 |
| കർഷകതൊഴിലാളി പെൻഷൻ | 8087580 | 1171 |
| വിധവാപെൻഷൻ | 9074600 | 1024 |
| വാർദ്ധക്യകാലപെൻഷൻ | 8900460 | 1600 |
| വികലാംഗപെൻഷൻ | 4485915 | 475 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 585600 | 63 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-12-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6460 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് എഞ്ചിനിയർ തുടങ്ങിയ നിർവഹണ ഉദ്യഗസ്ഥർ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, കൃഷി ഓഫീസർ, ഹെഡ്മാസ്റ്റർ, തുടങ്ങിയ നിർവഹണ ഉദ്യഗസ്ഥർ, പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ എന്നിവ സൂക്ഷിച്ചിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2016 മുതൽ 17-11-2016 വരെ | 01-09-2016 മുതൽ 31-10-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-11-2016 മുതൽ 15-11-2016 വരെ | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി വരവ് - അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി എടവണ്ണപ്പാറ | I, II അർധവർഷം |
| 2 | മാവേലി സ്റ്റോർ എടവണ്ണപ്പാറ | II അർധവർഷം |
| 3 | മാവേലി സ്റ്റോർ വാഴക്കാട് | I അർധവർഷം |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് ഊർക്കടവ് | I, II അർധവർഷം |
| 5 | എൻ.കെ പെട്രോളിയം എടവണ്ണപ്പാറ | II അർധവർഷം |
| 6 | എ.എം ഹോണ്ട വാഴക്കാട് | II അർധവർഷം |
| 7 | ഭംഗി ഡെന്റൽ ലാബ് എടവണ്ണപ്പാറ | I അർധവർഷം |
| 8 | സിമിലിയ ഹോമിയോ ക്ലിനിക് എടവണ്ണപ്പാറ | I അർധവർഷം |
| 9 | അൽ അമീൻ പോളി ക്ലിനിക് എടവണ്ണപ്പാറ | I അർധവർഷം |
| 10 | ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എടവണ്ണപ്പാറ | I അർധവർഷം |
| 11 | ഡോ. പ്രകാശ് ഹോമിയോപ്പതി എടവണ്ണപ്പാറ | I അർധവർഷം |
| 12 | ഹോമിയോപ്പതിക് എക്സലൻസ് എടവണ്ണപ്പാറ | I അർധവർഷം |

II തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് വാഴക്കാട് | II അർധവർഷം |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ഊർക്കടവ് | II അർധവർഷം |
| 3 | എ.എം ഹോണ്ട വാഴക്കാട് | II അർധവർഷം |
| 4 | ഭംഗി ഡെന്റൽ ലാബ് എടവണ്ണപ്പാറ | I അർധവർഷം |
| 5 | സിമിലിയ ഹോമിയോ ക്ലിനിക് എടവണ്ണപ്പാറ | I അർധവർഷം |
| 6 | അൽ അമീൻ പോളി ക്ലിനിക് എടവണ്ണപ്പാറ | I അർധവർഷം |
| 7 | ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എടവണ്ണപ്പാറ | I അർധവർഷം |
| 8 | ഡോ. പ്രകാശ് ഹോമിയോപ്പതി എടവണ്ണപ്പാറ | I അർധവർഷം |
| 9 | ഹോമിയോപ്പതിക് എക്സലൻസ് എടവണ്ണപ്പാറ | I അർധവർഷം |
| 10 | വാഴക്കാട് ടൈൽ വർക്ക് | I, II അർധവർഷം |

III പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത വിവരം ലഭ്യമല്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനം | തസ്തിക | അർധ വർഷം |
|---|---|---|---|---|
| 1 | ഹസീന ടി.കെ | ബി.ടി.എം.ഒ യുപി സ്കൂൾ | ടീച്ചർ | I, II അർധവർഷം |
| 2 | റീഷ്മാദാസ് എം.പി | ബി.ടി.എം.ഒ യുപി സ്കൂൾ | ടീച്ചർ | I, II അർധവർഷം |
| 3 | സുജാത. എം.കെ | മിനാ എ.യു.പി.എസ് ചെറുവായൂർ | ടീച്ചർ | I അർധവർഷം |

| | | | | |
|---|---|---|---|---|
| 4 | അബ്ദുസ്സലാം. ടി | ഗ.വ ഹൈസ്കൂൾ വാഴക്കാട് | ടീച്ചർ | I അർധവർഷം |
| 5 | അബ്ദുറഊഫ് | ഗ.വ ഹൈസ്കൂൾ വാഴക്കാട് | HSA | II അർധവർഷം |
| 6 | ഫാറൂഖ് | ഗ.വ ഹൈസ്കൂൾ വാഴക്കാട് | LDC | II അർധവർഷം |
| 7 | മുഹമ്മദ് വി.പി | പോലീസ് സ്റ്റേഷൻ വാഴക്കാട് | ജി.എസ്.ഐ | II അർധവർഷം |
| 8 | രാജൻ നെല്ലായി | ,, | സി.പി.ഒ | II അർധവർഷം |
| 9 | രാജേഷ് | ,, | സി.പി.ഒ | II അർധവർഷം |
| 10 | ദയാശീലൻ | ,, | എസ്.ഐ | I അർധവർഷം |
| 11 | നിസാർ. കെ.എ | NRHM ആയുർവേദ ഡിസ്പൻസറി | അറ്റന്റർ | I അർധവർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/24-12-2016) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്തിന്റെ വിവധ വാടക കെട്ടിടങ്ങളിൽ റൂമുകൾ വാടകക്ക് എടുത്തിരിക്കുന്ന താഴെപറയുന്ന വ്യക്തികൾ 2015-16 വർഷത്തിൽ എല്ലാ മാസവും കൃത്യമായി വാടക അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക | കുറിപ്പ് |
|---|---|---|---|---|---|
| 1 | നിഅമത്തുള്ള. പി, പട്ടാക്കൽ, ഉഗ്രപുരം | 7A | 833 + service tax + ed.cess + hr.edu.cess | 08/2015 മുതൽ 03/2016 വരെ | |
| 2 | സലാഹുദ്ധീൻ, കളത്തിൽ, വാവൂർ, ചീക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, രണ്ടാംനില ഓപൺ ഹാൾ | 869 + service tax + ed.cess + hr.edu.cess | 04/2015 മുതൽ 03/2016വരെ | |
| 3 | ലത്തീഫ്. എ.കെ, ആലോക്കണ്ടി വീട്, കൊണ്ടന്നൂർ, അത്തോളി വഴി, കോഴിക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 13A(1) | 4500 + service tax + ed.cess + hr.edu.cess | 04/2015 മുതൽ 03/2016വരെ | 10-12-14 ന് ലേലം ചെയ്ത് നൽകിയിട്ടുണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/24-12-2016) ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടിയിൽ ക്രമ നമ്പർ 2 പ്രകാരമുള്ള വാടകക്കാരനിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിച്ചു. കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള 6664 (833x8) + 10428 (869x12) രൂപ service tax + ed.cess + hr.edu.cess സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ 3 പ്രകാരമുള്ള വാടകക്കാരൻ ലേലം ചെയ്ത് നൽകിയതിന് ശേഷം ലേലത്തിൽ നിന്ന് പിൻവാങ്ങിയതായും ലേല നിക്ഷേപതുക തിരിച്ച് നൽകിയതായും അറിയിച്ചു. കുടിശ്ശിക വാടക ഈടാക്കാതെ നിക്ഷേപതുക തിരിച്ച് നൽകിയ നടപടി ക്രമത്തിലല്ല. വിശദീകരണം നൽകേണ്ടതും, ലേല കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് പഴയ കെട്ടിടത്തിൽ നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഇതു വരെ വാടക ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതും, വാടക ഈടാക്കാനുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രകാരം കാറ്റഗറി I വില്ലേജ് പഞ്ചായത്തുകളിൽ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വാസഗൃഹങ്ങൾക്ക് മീറ്റർ സ്ക്വയറിന് 5 രൂപ പ്രകാരം പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. 150 മീറ്റർ സ്ക്വയർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന് മേൽ തുകയുടെ പകുതിയാണ് പെർമിറ്റ് ഫീ. വാസഗൃഹങ്ങളല്ലാത്ത നിർമ്മാണങ്ങൾക്ക് മീറ്റർ സ്ക്വയറിന് 7 രൂപയും ഈടാക്കേണ്ടതാണ്. 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകരിൽ ചുവടെ ചേർത്ത അപേക്ഷകനിൽ നിന്ന് തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | വാർഡ്/ബിൽഡിംഗ് നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ് ഫീ | കുറവ് |
|---|---|---|---|---|---|
| പുല്ലാഞ്ചീരി അഹമ്മദ് കുട്ടി, കുറുമരക്കാട് പി.ഒ | 18/63 (1,2) റസിഡൻഷ്യൽ | 151.19 m2 | 756 | 395 | 361 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/27-12-16) മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് ഫീ ഇനത്തിൽ കുറവുവന്ന 361 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫീ വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്ന് ദിവസ വിറ്റുവരവിന് അനുസൃതമായി 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 (പട്ടിക II), ചട്ടം 18 (പട്ടിക III) പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | സ്ഥാപനം/ആവശ്യം | കെട്ടിട നമ്പർ | പ്രതിദിന വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് | ലൈസൻസ് നമ്പർ |
|---|---|---|---|---|---|---|---|
| ശ്രീ. ഷെരീഫ്. കെ.എം | സിഗ്മ ഹോം അപ്ലയൻസസ് | 9/249 | 10,000 | 200 | 100 | 100 | 7/15-16 |
| ശ്രീ. കെ.പി മുഹമ്മദ് കുട്ടി | സിജ്ന ഹോളോബ്രിക്സ് | 9/234 | 15,000 | 300 | 100 | 200 | 13/15-16 |
| ശ്രീമതി. ടി.ആർ സരസമ്മ | യുണൈറ്റഡ് പൊട്രോളിയം | 9/234 B | 400,000 | 4000 | 2000 | 2000 | 14/15-16 |
| അബ്ദുൽ അസീസ് | സുൽത്താൻ ഗോൾഡ് | 9/294 A1,A2 | 30,000 | 1000 | 500 | 500 | 180/15-16 |
| ഷമീർ. എ | ബാറ്ററി & ഇൻവർട്ടർ പവർ ചോയ്സ് | 9/234(6) | 15,000 | 300 | 200 | 100 | 454/15-16 |
| ആകെ കുറവ് | | | | | | 2900 | |

മേൽ അപാകതക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 21/24-12-2016) പഞ്ചായത്ത് മറുപടി നൽകിയില്ല. ലൈസൻസ് ഫീ ഇനത്തിൽ കുറവുവന്ന തുക ഈടാക്കി വിരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി അധികം പണം നൽകി

2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വാഴക്കാട് ജി.യു.പി.എസ് അടുക്കള റിപ്പയർ ( പ്രൊജ. നമ്പർ 269 /16) എന്ന പ്രൊജക്ടിലാണ് അപാകത സംഭവിച്ചത്.

വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | വാഴക്കാട് ജി.യു.പി.എസ് അടുക്കള റിപ്പയർ ( പ്രൊജ. നമ്പർ 269 /16) |
| സാങ്കേതികാനുമതി | AEE/LSGD/KTY/788/14-15 Dt.20.02.2015 ₹ 200000 |
| കൺവീനർ | ശ്രീ മുഹമ്മദ് മുസ്തഫ. കെ |
| കരാർ | 85/AELSGD/VKD/2014-15 Dt. 26.02.2015 |
| എം ബുക്ക് | 89/14-15 |
| ചെലവ് | ₹ 197701 ( ബിൽ നമ്പർ 11/ Dt. 31.12.2015 ) |

ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 26.12.2016 ,27.12.2016 എന്നീ തിയ്യതികളിൽ ഓഡിറ്റ് പാർട്ടി നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) മേൽ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് ഇനം 8 പ്രകാരം മേൽത്തരം വിട്രിഫൈഡ് ഫ്ലോർ ടൈൽ ഉപയോഗിച്ച് ഫ്ലോറിംഗ് നടത്തിയതിനാണ് പണം നൽകിയത്(@ 1056/ ച.മീ) . എന്നാൽ സെറാമിക് ടൈൽ ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയത്.

2) ഇനം 8 പ്രകാരം 65.54 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഫ്ലോറിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 55.19 ചതുരശ്ര മീറ്റർ മാത്രമെ പ്രവൃത്തി നടത്തിയിട്ടുള്ളൂ.

3) ഇനം 7 പ്രകാരം 42.4ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ചുമരിന് ടൈൽ പതിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 33.50 ചതുരശ്ര മീറ്റർ മാത്രമെ പ്രവൃത്തി നടത്തിയിട്ടുള്ളൂ.

പ്രവൃത്തിയിലെ മേൽ അപാകതകൾ മൂലം പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന്റെ വിവരം താഴെ നൽകുന്നു.

| എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി | പണം നൽകിയത്. | | നടപ്പാക്കിയത് /അർഹമായത് | | | അധികം |
|---|---|---|---|---|---|---|
| | അളവ് / നിരക്ക് | ആകെ തുക | പ്രവൃത്തി | അളവ് / നിരക്ക് | ആകെ തുക | |
| Flooring with vitrified floor tile (item 1) | 65.54 @1056/ച.മീ | 69210.24 | Ceramic flooring | 55.19 @740/ ച.മീ | 40840.6 | 28369.64 |
| Dadoing walls with best quality glazed tiles | 42.40 @1245/ ച.മീ | 52788 | Dadoing walls with best quality glazed tiles | 33.50 @1245/ ച.മീ | 41707.50 | 11080.50 |
| | | | | | | 39450.14 |

ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. നികുതി ഉൾപ്പെടെ അധികം നൽകിയ തുക ₹ 41817 (യഥാർത്ഥ പ്രവൃത്തി മൂല്യം - 147060) എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് പിഴപലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-2 സമഗ്ര തെങ്ങ് കൃഷി വികസനം - തെങ്ങിൻതൈ മുഴുവനായും വിതരണം ചെയ്തില്ല

നിർവഹണം : കൃഷി ഓഫീസർ

പ്രൊജക്റ്റ് നമ്പർ : 129/15-16 (സമഗ്ര തെങ്ങ് കൃഷി വികസനം)

തുക : 577499 രൂപ (433125 വികസന ഫണ്ട് ജനറൽ, 144374 ഗുണഭോക്തൃവിഹിതം)

ബിൽ നമ്പർ : 01/15-16 തി. 19-02-2016 തുക. 433125 രൂപ

മേൽ പ്രൊജക്റ്റ് പ്രകാരം തെങ്ങിൻ തൈ വിതരണം, ജൈവവളം, പയർ വിത്ത് വിതരണം എന്നിവക്കാണ് തുക വിനിയോഗിച്ചത്. ജൈവവളം, പയർ വിത്ത് വിതരണം എന്നിവക്കായി വികസനഫണ്ട് വിഹിതം 405000 രൂപ പിൻവലിച്ച് വാഴക്കാട് സർവീസ് സഹകരണ ബാങ്കിൽ അടവാക്കി. കൃഷി ഓഫീസർ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ബാങ്ക് നേരിട്ട് കർഷകർക്ക് ജൈവവളവും, പയർവിത്തും വിതരണം ചെയ്യുകയാണ് ചെയ്തത്. ആകെ 541 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്.

തെങ്ങിൻ തൈ വിതരണത്തിനായി 37500 രൂപ (28125 വികസന ഫണ്ട് ജനറൽ, 9375 ഗുണഭോക്തൃവിഹിതം) പിൻവലിച്ച് നെട്ടവ, പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിക്ക് നൽകിയിട്ടുണ്ട്. (ഡിഡി നമ്പർ. 913101 തി.26-02-2016, 28125 രൂപ, ഡിഡി നമ്പർ. 913457 തി.11-03-2016 9375 രൂപ). ഒരു തെങ്ങിൻ തൈക്ക് 75 രൂപ വെച്ച് 500 തെങ്ങിൻ തൈകളാണ് വിതരണത്തിനായി ലഭ്യമായത്. ആയത് പഞ്ചായത്തിലെ 19 വാർഡുകളിലേക്കായി ചുവടെ ചേർക്കും പ്രകാരം മെമ്പർമാർ മുഖേന വിതരണം ചെയ്തതായിട്ടാണ് ഫയലിൽ കാണുന്നത്.

| വാർഡ് നമ്പർ | വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | കുറിപ്പ് |
|---|---|---|
| 1 | 19 | ആകെ 15 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 2 | 7 | - |
| 3 | 25 | ആകെ 14 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 4 | 20 | ആകെ 13 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 5 | 18 | ആകെ 14 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 6 | 19 | - |
| 7 | 25 | ആകെ 24 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 8 | 0 | ആർക്കും വിതരണം ചെയ്തിട്ടില്ല |
| 9 | 26 | ആകെ 13 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 10 | 25 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 11 | 22 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 12 | 23 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 13 | 25 | ആകെ 20 ഗുണഭോക്താക്കൾ മാത്രമാണ് ഒപ്പു വെച്ച് കൈപ്പറ്റിയത് |
| 14 | 9 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |

| | | |
|---|---|---|
| 15 | 9 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 16 | 20 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 17 | 25 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 18 | 20 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| 19 | 25 | ഒരു ഗുണഭോക്താവും ഒപ്പ് വെച്ചിട്ടില്ല. |
| ആകെ | 362 | |

വിതരണം ചെയ്തതെങ്ങിൻ തൈകളിൽ ലഭിച്ച മുഴുവൻ ഗുണഭോക്താക്കളുടെയും ഒപ്പ് ഇല്ലാത്തതിനാൽ എല്ലാവർക്കും തൈ ലഭ്യമായി എന്ന് ഉറപ്പിക്കാനായില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

വിതരണത്തിനായി ലഭ്യമായ 500 തെങ്ങിൻ തൈകളിൽ വിതരണം ചെയ്യാത്ത 138 തെങ്ങിൻ തൈകളുടെ വിലയായ 10350 രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/22.12.2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-3 ദിവസ വേതനം നൽകിയത്- അപാകതകൾ

2015-16 വർഷത്തിൽ ഓഡിറ്റ് ജോലികൾ, AFS ജോലികൾ, ഓഡിറ്റിന് മറുപടികൾ തയ്യാറാക്കൽ എന്നീ ജോലികൾക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരനെ നിയമിച്ച് ₹ 9150 ചെലവഴിച്ചതായി കാണുന്നു

വിശദ വിവരം താഴെ നൽകുന്നു

| വൗച്ചർ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 21500415/ 14.9.2015 | 6000 | LFഓഡിറ്റ് മറുപടികൾ തയ്യാറാക്കുന്നതിനുംAFS കണക്കുകൾ തയ്യാറാക്കി നൽകുന്നതിനും മെയ് 2015 ൽ 15 ദിവസം ജോലി ചെയ്തതിന് ശ്രീ. രവീന്ദ്രനാഥിന് നൽകിയത് |
| 21501008/ 22.3.2015 | 3150 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കൽ മറുപടി തയ്യാറാക്കുന്നതിന് ശ്രീ. രവീന്ദ്രനാഥിന് നൽകിയത് |

ഓഡിറ്റിന് രേഖകൾ തയ്യാറാക്കുക, AFS ജോലികൾ എന്നിവ സർക്കാർ ഉത്തരവ് പ്രകാരം അക്കൗണ്ടന്റിന്റെയും, ഓഡിറ്റിന് മറുപടി നൽകുക എന്നത് ഹെഡ് ക്ലർക്കിന്റെയും ചുമതലകളാണ്. പഞ്ചായത്തിൽ ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ് എന്നിവർ ഉണ്ടായിരിക്കെ ഇത്തരത്തിൽ പണം ചെലവഴിച്ചത് ക്രമപ്രകാരമല്ല. മാത്രമല്ല ഇതിന് പഞ്ചായത്ത് തീരുമാനവും എടുത്തിട്ടില്ല.

ഈ ഇനത്തിൽ ചെലവ് ചെയ്ത ₹ 9150 ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-4 യാത്രബത്ത മുൻകൂർ - അപാകതകൾ

പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ ജയപ്രകാശൻ കേരള സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നൽകിയ പരാതിയുടെ ഹിയറിംഗിന് ഹാജരാകുന്നതിന് നിർദേശിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ യാത്രക്ക് ₹ 2500 യാത്രബത്ത മുൻകൂർ ഇനത്തിൽ ടിയാൻ കൈപ്പറ്റുകയും തുടർന്ന് ഫൈനൽ ബിൽ പ്രകാരം ഇത് ക്രമീകരിച്ച് യാത്രയുടെ ബാക്കി തുക ₹ 102 കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നമ്പർ 21500272/27.07.2015 ₹ 2500, 21501104/31.03.2016 ₹ 5006 )

സെക്രട്ടറി വ്യക്തിപരമായി നൽകിയ പരാതിക്ക് പഞ്ചായത്തിൽ നിന്ന് യാത്രബത്ത നൽകിയ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ₹ 2602 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-5 ആർജ്ജിതാവധി സറണ്ടർ അധികം നൽകി

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ ₹ 9000 നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21501068/28.03.2016 ₹ 9000)

GO(P) No.324/2004/Fin12/7/2004 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ ( KSR പാർട്ട് I അനുബന്ധം VIII ) 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല.

അതിനാൽ അധികം നല്കിയ തുക ₹ 2250തിരിച്ചീടാക്കേണ്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| അർഹമായത്@ 15 ദിവസം | നൽകിയത് | അധികം |
|---|---|---|
| 13500*15/30 =6750 | 9000 | 2250 |

## 3-6 പച്ചക്കറി വികസനം പ്രൊജക്ട് - അപാകതകൾ

നിർവഹണം : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 131/15-16 (പച്ചക്കറി വികസനം)

തുക : 193280 രൂപ (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ : 02/15-16 തി. 19-02-2016, 143282 രൂപ

ബിൽ നമ്പർ : 03/15-16 തി. 23-03-2016, 49998 രൂപ

മേൽ പ്രൊജക്ട് പ്രകാരം പച്ചക്കറി തൈ വിതരണം, ജൈവ കീടനാശിനി, ഗ്രോബാഗ് എന്നിവക്കാണ് തുക വിനിയോഗിച്ചത്. തക്കാളി, മുളക്, വെണ്ട, ക്വോളി ഫ്ലവർ, കാബേജ് എന്നിവയുടെ 4000 വീതം വിത്തുകൾ, 3 രൂപ നിരക്കിൽ വാങ്ങുന്നതിന് 60000 രൂപയും, 66.67 രൂപ നിരക്കിൽ 694 ജൈവ കീടനാശിനി ബോട്ടിലുകൾ വാങ്ങിക്കുന്നതിന് 48582 രൂപയും, 16.1904 രൂപ നിരക്കിൽ 6940 ഗ്രോബാഗുകൾ വാങ്ങുന്നതിന് 117980 രൂപയും ഉൾപ്പെടെ 226562 രൂപയുടെ റീട്ടെയിൽ ഇൻവോയ്സ് തിരുവനന്തപുരത്തെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബിൽ നമ്പർ : 02/15-16 പ്രകാരം പിൻവലിച്ച 143282 രൂപ (യഥാക്രമം പച്ചക്കറി തൈ - 60000, ജൈവ കീടനാശിനി - 24292, ഗ്രോബാഗ് - 58990) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ പ്രൊജക്ടിനായി ബിൽ നമ്പർ : 03/15-16 പ്രകാരം പിൻവലിച്ച 49998 രൂപയുടെ യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് പ്രകാരം വാങ്ങിയ ജൈവ കീടനാശിനി, ഗ്രോബാഗ് എന്നിവ 19 വാർഡുകളിലെ മെമ്പർമാർക്ക് ചുവടെ ചേർക്കും പ്രകാരം വിതരണം ചെയ്തതായാണ് കാണുന്നത്.

| വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | ജൈവ കീടനാശിനി ബോട്ടിൽ എണ്ണം | ഗ്രോബാഗ് |
|---|---|---|---|
| 1 | 10 | 20 | 200 |
| 2 | 5 | 10 | 100 |
| 3 | 19 | 38 | 380 |
| 4 | 19 | 38 | 380 |
| 5 | 3 | 6 | 60 |
| 6 | 9 | 18 | 180 |
| 7 | 8 | 16 | 160 |
| 8 | 21 | 42 | 420 |
| 9 | 44 | 88 | 880 |
| 10 | 27 | 54 | 540 |
| 11 | 16 | 32 | 320 |

| | | | |
|---|---|---|---|
| 12 | 13 | 26 | 260 |
| 13 | 55 | 110 | 1100 |
| 14 | 21 | 42 | 420 |
| 15 | 10 | 20 | 200 |
| 16 | 15 | 30 | 300 |
| 17 | 7 | 14 | 140 |
| 18 | 35 | 70 | 700 |
| 19 | 10 | 10 | 200 |
| | | 684 | 6940 |

694 ജൈവ കീടനാശിനി ബോട്ടിലുകൾ ലഭ്യമായതിൽ 10 എണ്ണം വിതരണം ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/22-12-2016) നിർവഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ നൽകിയ മറുപടിയിൽ 19-ാം വാർഡിലെ 10 ഗുണഭോക്താക്കൾക്ക് 2 എണ്ണം വീതം 20 ജൈവ കീടനാശിനി ബോട്ടിലുകൾ വിതരണം ചെയ്തിരുന്നു എന്നറിയിച്ചിട്ടുണ്ട്. മുകളിൽ കാണിച്ച പ്രകാരം ജൈവ കീടനാശിനി, ഗ്രോബാഗ് എന്നിവ വാർഡ് മെമ്പർമാർക്കാണ് വിതരണം ചെയ്തത്. വാർഡ് മെമ്പർമാർ വിതരണം ചെയ്ത കൈപ്പറ്റ് രേഖയിൽ ഓരോ വാർഡിലും എത്ര പേർക്ക് എത്ര എണ്ണം വീതം ജൈവ കീടനാശിനി, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തു എന്നകാര്യം വ്യക്തമല്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ളവർക്കാണോ വിതരണം ചെയ്തത് എന്നും വ്യക്തമല്ല. വിതരണ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 83282 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

20,000 പച്ചക്കറി തൈകൾ വിതരണം ചെയതതിന്റെ യാതൊരു രേഖയും ലഭ്യമല്ല. അർഹരായ കർഷകർക്ക് തന്നെയാണ് ആനുകൂല്യങ്ങൾ ലഭ്യമായത് എന്ന് ഉറപ്പിക്കാതെ, കൃത്യമായ രേഖകൾ സൂക്ഷിക്കാതെ ആനുകൂല്യം വിതരണം ചെയ്തത് ശരിയായ നടപടിയല്ല. ഈ ഇനത്തിൽ ചെലവഴിച്ച 60000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ബിൽ നമ്പർ : 03/15-16 പ്രകാരം പിൻവലിച്ച 49998 രൂപയുടെ യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ചെലവിനാധാരമാക്കിയ രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവ് തുക 49998 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതായി നിർണ്ണയിക്കുന്നതാണ്.

## 3-7 സ്വകാര്യ ശ്മശാനത്തിന് ചുറ്റുമതിൽ നിർമിച്ചു നൽകി

പ്രൊജക്ട് നമ്പർ 164/15-16

ചോലയിൽ എസ്.സി ശ്മശാനം ചുറ്റുമതിൽ നിർമ്മാണം - വാർഡ് 18

TS : AEE/LSGD/KTY/903/15-16, 02-02-2016

ബിൽ നമ്പർ : 6/31-03-2016 തുക : 150,000 രൂപ

കൺവീനർ : സുനിൽകുമാർ. സി

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പെടാത്ത സ്വകാര്യ ശ്മശാനത്തിന് ചുറ്റുമതിൽ നിർമിച്ചു നൽകിയിട്ടുണ്ട്. സ്വകാര്യ ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമിച്ചു നൽകൽ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ട പ്രവൃത്തിയല്ല. ഈ ഇനത്തിൽ ചെലവഴിച്ച 150,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 പഞ്ചാത്ത് ഓഫീസ് ഡിജിറ്റലൈസേഷൻ - അപാകതകൾ

2015-16 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് നവീകരണം& ഡിജിറ്റലൈസേഷൻ എന്ന പ്രൊജക്ട് പ്രകാരം (212/16) പഞ്ചായത്ത് ഓഫീസ് പവർ വയറിംഗ് നടത്തിയതിനും, ലാൻ കേബ്ലിംഗ് നടത്തിയതിനുമായി ₹267631 കെൽട്രോണിന് നൽകിയിട്ടുണ്ട്. ( വൗച്ചർ നമ്പർ 21500422/16.09.2015)

പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവ് രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

2) ടെണ്ടർ നടപടികൾ പാലിക്കാതെ പ്രവൃത്തി നേരിട്ട് കെൽട്രോണിനെ ഏല്പിക്കുകയും , അവർ നൽകിയ ബിൽ പ്രകാരം പണം നൽകുകയുമാണ് ചെയ്തത്.

3) കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല.

4) വയറിംഗ് പ്രവൃത്തികൾ ലൈസൻസുള്ള അംഗീകൃത കരാറുകാർ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ കെൽട്രോണിനുവേണ്ടി പ്രവൃത്തി നടത്തിയത് ആരാണ് എന്ന് വ്യക്തമല്ല.

ടെണ്ടർ നടപടികൾ പാലിക്കാതെയും കരാർ ചമക്കാതെയും കെൽട്രോണിനെ പ്രവൃത്തി ഏല്പിക്കുകയും, എസ്റ്റിമേറ്റ് തയ്യാറാക്കാതെയും അളവ് രേഖപ്പെടുത്താതെയും പണം നൽകുകയും ചെയ്തതിന് ആധാരമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 18 മുഖേന ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 267631 തടസ്സം ചെയ്യുന്നു.

## 3-9 ചെലവിന് അനുബന്ധ രേഖകൾ ലഭ്യമല്ല

2015-16 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ വിവിധ ചെലവുകളുടെ അനുബന്ധ രേഖകൾ ഇല്ലാതെ പണം ചെലവഴിച്ചതായി വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു

| ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 4/15-16 തി.19.03.16 ₹ 800000 | 50000 | 16 ഗുണഭോക്താക്കൾക്ക് എസ്.സി വിവാഹ ധനസഹായം നൽകുന്നതിന് പണം പിൻവലിച്ചു. ഇത്തരത്തിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ വേലായുധൻ നെടുങ്കളത്തിൽ പി.ഒ ചെറുവായൂർ എന്ന ഗുണഭോക്താവിന്റെ മകളുടെ വിവാഹം നടന്നതിന്റെ യാതൊരു രേഖയും ലഭ്യമല്ല. |
| 6/15-16 തി. 19.3.16 | 35000 | ആശ്രയ പ്രൊജക്ട്(എസ്.സി) പ്രകാരം 5 ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് @5000 വീതവും ഒരു ഗുണഭോക്താവിന് കക്കൂസ് നിർമാണത്തിന് 10000 രൂപയും പിൻവലിച്ചു. ഗുണഭോക്താക്കൾ പണം കൈപ്പറ്റിയ രേഖ ഒഴികെ മറ്റൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 7/15-16 തി. 19.3.16 | 300000 | ആശ്രയ പ്രൊജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് @5000 വീതവും 10 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമാണത്തിന് @ 10000വീതവും 8 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് @20000 വീതവും ആകെ 300000 രൂപ പിൻവലിച്ചു. ഗുണഭോക്താക്കൾ പണം കൈപ്പറ്റിയ രേഖ ഒഴികെ മറ്റൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 8/15-16 തി. 31.3.16 | 145000 | ആശ്രയ പ്രൊജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് @5000 വീതവും 2 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമാണത്തിന് @ 10000വീതവും 5 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് @20000 വീതവും ആകെ 145000 രൂപ പിൻവലിച്ചു. ഗുണഭോക്താക്കൾ പണം കൈപ്പറ്റിയ രേഖ ഒഴികെ മറ്റൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 9/15-16 തി. 31.3.16 | 10000 | ആശ്രയ പ്രൊജക്ട് ജനറൽ പ്രകാരം തുക പിൻവലിച്ച ബിൽ പരിശോധനക്ക് ലഭ്യമായി എന്നാൽ ചെലവ് ഇനം ഏത് എന്നും ഏത് ഗുണഭോക്താക്കൾക്കാണ് തുക നൽകിയത് എന്നും വ്യക്തമല്ല. |
| ആകെ | 540000 | |

ചെലവുരേഖകൾ ,പ്രവൃത്തി നടത്തിയതിന്റെ രേഖകൾ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ മൂല്യനിർണ്ണയം എന്നിവയില്ലാതെ പണം നൽകിയതിനാൽ ചെലവ് ചെയ്ത ₹ 540000 തടസ്സം ചെയ്യുന്നു.

## 3-10 ഓട്ടോറിക്ഷ വിതരണം അപാകതകൾ

2015-16 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ "പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ " (274/16 ) എന്ന പ്രൊജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന്

സബ്സിഡി നൽകുന്നതിനായി ₹ 650000 ചെലവഴിച്ചിട്ടുണ്ട്.

9 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ ₹ 450000 പഞ്ചാബ് നാഷണൽ ബാങ്ക് ശാഖക്കും, ₹200000 പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്കുമാണ് പണം നൽകിയിട്ടുള്ളത്.

പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ തൊഴിൽ സംരംഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമല്ല.

3)പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല

4) ഗുണഭോക്താക്കളുമായി കരാർ ഒന്നുംതന്നെ ചമച്ചിട്ടില്ല. ഗുണഭോക്താക്കൾ ഒപ്പ്വച്ച മുദ്രപത്രങ്ങൾ രേഖപ്പെടുത്തൽ ഒന്നുമില്ലാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ്തുക ₹ 650000തടസ്സം ചെയ്യുന്നു.

## 3-11 പത്രപ്പരസ്യം - അധികം പണം നൽകി.

വാഴക്കാട് പഞ്ചായത്തിന്റെ വിവിധ പരസ്യങ്ങൾപ്രസിദ്ധീകരിച്ച വകയിൽ പരസ്യ ചാർജ്ജ് ഇനത്തിൽ 2015-16 വർഷത്തിൽ ചന്ദ്രിക , ദേശാഭിമാനി എന്നീ പത്രങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നൽകാവുന്ന നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്കാണ് പത്രങ്ങൾക്ക് നൽകിക്കാണുന്നത്.

വിശദ വിവരം താഴെ നൽകുന്നു

| ഉത്തരവ് | കാലയളവ് | നിരക്ക്( col*cm ) |
|---|---|---|
| GO(P)1/13 /I&PRD Dt. 22.01.2013 | 01.04.2012 മുതൽ | ചന്ദ്രിക – 210<br>ദേശാഭിമാനി- 59 |
| GO(P)17/15 /I&PRD Dt. 08.12.2015 | 01.04.2015 മുതൽ | ചന്ദ്രിക – 231<br>ദേശാഭിമാനി- 72 |

| പത്രം/ പരസ്യതിയ്യതി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം | കുറിപ്പ് |
|---|---|---|---|---|---|
| ചന്ദ്രിക/ 04.07.2014 | 4cm*2 col<br>(4*8 cm2) | 2240<br>@ 70/cm2 | 1680 @ 210/col*cm | 560 | 21500201/ 18.06.2015 – 19440 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ചന്ദ്രിക/ 02.07.2014 | 6cm*2 col<br>(6*8 cm2) | 4800<br>@ 100/cm2 | 2520 @ 210/col*cm | 2280 | |
| ചന്ദ്രിക/ 25.02.2015 | 6cm*2 col<br>(6*8 cm2) | 4800<br>@ 100/cm2 | 2520 @ 210/col*cm | 2280 | |
| ചന്ദ്രിക/ 06.03.2015 | 8cm*2 col<br>(8*8 cm2) | 6400<br>@ 100/cm2 | 3360 @ 210/col*cm | 3040 | |
| ചന്ദ്രിക/ 14.04.2015 | 5cm*2 col | 4000<br>@ 100/cm2 | 2310 @ 231/col*cm | 1690 | 21500202/ 18.06.2015 – 4000 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |

| | | | | | |
|---|---|---|---|---|---|
| | (5*8 cm2) | | | | |
| ചന്ദ്രിക/ 20.09.2015 | 7cm*2 col (7*8 cm2) | 6720 @ 120/cm2 | 3234 @ 231/col*cm | 3486 | 21500481/ 05.10.2015 – 6720 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ചന്ദ്രിക/ 26.07.2015 | 19cm*2 col (19*8 cm2) | 18240 @ 120/cm2 | 8778 @ 231/col*cm | 9462 | 21500661/ 21.12.2015 – 35520 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ചന്ദ്രിക/ 05.07.2015 | 11cm*2 col (11*8 cm2) | 10560 @ 120/cm2 | 5082 @ 231/col*cm | 5478 | |
| ചന്ദ്രിക/ 14.08.2015 | 7cm*2 col (7*8 cm2) | 6720 @ 120/cm2 | 3234 @ 231/col*cm | 3486 | |
| ദേശാഭിമാനി/ 09.01.2016 | 7cm*2 col (7*8 cm2) | 6720 @ 120/cm2 | 1008 @ 72/col*cm | 5712 | 21500753/ 21.1.2016 – 6720 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| ദേശാഭിമാനി/ 19.02.2016 | 7cm*2 col (7*8 cm2) | 6720 @ 120/cm2 | 1008 @ 72/col*cm | 5712 | 21500958/ 09.03.2016 – 6720 നമ്പർ വൗച്ചർ പ്രകാരം തുക നൽകി. |
| | | | ആകെ | 43186 | |

ബി) മേൽ സർക്കാർ ഉത്തരവ് പ്രകാരം പരസ്യത്തിന് സർക്കാർ അംഗീകരിച്ച മേൽ നിരക്കിൽ നിന്ന് 15% ഇളവ് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ ഇളവും ലഭ്യമായിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പത്രപ്പരസ്യത്തിന് പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ ചെലവ് ₹ 43186 തടസ്സം ചെയ്യുന്നു.

## 3-12 ചെലവിന് അനുബന്ധ രേഖകൾ ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന ചെലവുകൾക്ക് അനുബന്ധരേഖകൾ ലഭ്യമല്ല.

| വൗച്ചർ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 21500167/ 8.6.2015 | 39798 | EMS ഹൗസിംഗ് ലോൺ പലിശ അധികം അടവാക്കിയ തുക DDP ക്ക് തിരികെ കൊടുക്കുന്നതിന് പണം പിൻവലിച്ചു. എന്നാൽ പണം കൈപ്പറ്റിയതിന്റെ രേഖയില്ല. |
| 21500238/ 1.7.2015 | 340000 | IAY വിഹിതം നൽകുന്നതിന് പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്. എന്നാൽ പണം കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല. |
| 21500241/ 1.7.2015 | 1120000 | |
| 21500239/1.7.2015 | 10173 | SSA വിഹിതം അടവാക്കിയത്. വിശദമായ വിനിയോഗ വിവരം ഇല്ല.പഞ്ചായത്തിന് ലഭ്യമാക്കിയ ആക്ഷൻ പ്ലാൻ തന്നെ വിനിയോഗ സാക്ഷ്യപത്രമായി നൽകുകയാണ് ചെയ്തത്. |
| 21500240/1.7.2015 | 500000 | |
| 21500250/ 6.7.2015 | 4000 | ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് സംസ്ഥാന സമ്മേനത്തിന് വിഹിതം നൽകിയത്. സർക്കാർ നിർദേശപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 21500411/10.9.2015 | 10000 | പെർഫോമൻസ് ഓഡിറ്റിന് വിഹിതം നൽകിയത്. സർക്കാർ |

| | | |
|---|---|---|
| | | നിർദേശപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| ആകെ | 2023971 | |

രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് ₹ 2023971 തടസ്സം ചെയ്യുന്നു.

## 3-13 പ്ലാൻ മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കി

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് വിരുദ്ധമാണ്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| സമഗ്ര വിദ്യാഭ്യാസ പരിപാടി ( 133/16) | 84000<br>(ബിൽ നമ്പർ 1/15-16 തി. 14.03.2016-₹ 242000) | ചിത്ര രചനാശില്പശാല – 15000<br>ഭക്ഷണം, അച്ചടി , സ്റ്റേഷനറി, ജഡ്ജ്മെന്റ് എന്നിവക്കാണ് പണം ചെലവഴിച്ചത്.<br>സാഹിത്യ ശില്പശാല- 23000<br>ഭക്ഷണം, ശബ്ദം, സ്റ്റേഷനറി , വേതനം എന്നിവക്കാണ് പണം ചെലവഴിച്ചത്.<br>ബാലശാസ്ത്ര കോൺഗ്രസ്- 19000<br>ഭക്ഷണം, അച്ചടി , സ്റ്റേഷനറി, ജഡ്ജ്മെന്റ് എന്നിവക്കാണ് പണം ചെലവഴിച്ചത്.<br>സ്കൗട്ട്സ് &ഗൈഡ്സ് ക്യാമ്പ്- 27000<br>ഭക്ഷണം, ടി.എ, ശബ്ദം, വാടക , സ്റ്റേഷനറി ഇനങ്ങളിൽ പണം ചെലവഴിച്ചു. |
| | (ബിൽ നമ്പർ 4/15-16 തി. 22.03.2016₹ 223800) | ഇംഗ്ലീഷ് ഫെസ്റ്റ് - 24000<br>ഭക്ഷണം, വേതനം,ശബ്ദം, സ്റ്റേഷനറി എന്നീ ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>എക്സാം സ്റ്റഡി ക്യാമ്പ് - 10000<br>ഭക്ഷണം, ടി.എ, സ്റ്റേഷനറി എന്നീ ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>കായിക മേള – 25000<br>ഭക്ഷണം, വേതനം,ശബ്ദം, സ്റ്റേഷനറി എന്നീ ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>LSS/USS പരിശീലനം - 27000<br>ഭക്ഷണം, വേതനം,സ്റ്റേഷനറി എന്നീ ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>PEC യോഗങ്ങൾ - 9000<br>ഭക്ഷണം , സ്റ്റേഷനറി ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>ശാസ്ത്ര പ്രൊജക്റ്റ് ശില്പശാല – 18000<br>ഭക്ഷണം, വേതനം, സ്റ്റേഷനറി എന്നീ ഇനങ്ങളിൽ പണം ചെലവഴിച്ചു.<br>വിജയരഥം പത്രം - 28200<br>അച്ചടി ഇനത്തിൽ പണം ചെലവഴിച്ചു. |

| | | |
|---|---|---|
| | | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് - 82600<br>താത്കാലിക അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് പണം പിൻപിൻവലിച്ചു. |
| ആകെ | 307800 | |

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/13 തി. 16.11.2013 പ്രകാരം വിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും, സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും വിവിധ പ്രൊജക്ടുകൾ SSA നടപ്പാക്കുന്നതിനാൽ അനുപൂരകമായി ഇത്തരം പ്രൊജക്ടുകൾ നടപ്പാക്കുന്നുവെങ്കിൽ SSA പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണ് നിർദേശിച്ചിട്ടുള്ളത്. കൂടാതെ ക്യാമ്പുകൾ ,മേളകൾ, ആദരിക്കൽ തുടങ്ങിയവയും നടപ്പാക്കാൻ അനുമതിയില്ല.സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് എന്ന ഇനത്തിൽ സ്കൂളുകളിലെ അദ്ധ്യാപകർ ലീവ് എടുക്കുമ്പോൾ താത്കാലികമായി അദ്ധ്യാപകരെ നിയമിച്ച് പണം നൽകുകയാണ് ചെയ്തത്. അദ്ധ്യാപകനിയമനം, ശമ്പളം എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളാണ്. ഇക്കാര്യത്തിന് പഞ്ചായത്ത് പണം ചെലവഴിച്ചത് ശരിയല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ചെലവ് തുക ₹ 307800 തടസ്സം ചെയ്യുന്നു.

## 3-14 മീഡിയാശ്രീ - നടപ്പാക്കിയില്ല

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന മീഡിയാശ്രീ എന്ന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ ചരിത്രവും, വർത്തമാന കാലവും ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്കുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന് ₹ 65000 കുടുംബശ്രീക്ക് മുൻകൂറായി നൽകിയിട്ടുണ്ട് ( വൗച്ചർ നമ്പർ 21500247/06.07.2015-₹ 60000, 21500248/6.07.2015 -₹ 5000) . എന്നാൽ പദ്ധതി പ്രകാരമുള്ള ഡോക്യുമെന്ററി തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിട്ടില്ല.

കുടുംബശ്രീയിൽ നിന്നും തുക ഈടാക്കി തിരിച്ചടക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-15 സമഗ്ര നെൽ കൃഷി - നെൽ വിത്ത് വിതരണം ചെയ്തില്ല

നിർവഹണം : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 127/15-16 (സമഗ്ര നെൽ കൃഷി)

തുക : 664900 രൂപ (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ : 04/15-16 തി. 23-03-2016

നെൽ വിത്ത് വിതരണം - 152100 രൂപ, ജൈവവളം - 250000 രൂപ, കൂലിചെലവ് - 262800 രൂപ.

മേൽ പ്രൊജക്ട് പ്രകാരം നെൽ വിത്ത് വിതരണം, ജൈവവളം, നെൽകൃഷി കൂലിചെലവ് എന്നിവക്കാണ് തുക വിനിയോഗിച്ചത്. തൃശ്ശൂർ, കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും കിലോഗ്രാമിന് 39 രൂപ വെച്ചാണ് വിത്ത് വാങ്ങിയിട്ടുള്ളത്. ആകെ 3900 കിലോഗ്രാം രണ്ടു ബില്ലുകളിലായി 152100 രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത് (81900 + 70200). കേരള സ്റ്റേറ്റ് സ്വീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ 2 ബില്ലുകളല്ലാതെ മറ്റു രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. സ്ഥാപനം തുക കൈപ്പറ്റിയ റസീറ്റ് ലഭ്യമല്ല. മാത്രവുമല്ല നെൽ വിത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ യാതൊരു രേഖയും ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 8 /22-12-2016) നിർവഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ നൽകിയ മറുപടിയിൽ വിത്തു വികസന അതോറിറ്റിയുടെ രസീതി ലഭ്യമായിട്ടില്ലെന്നും, ആയത് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നെൽ വിത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 152100 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 മരുന്നുകൾ മുഴുവനായും ലഭ്യമല്ല

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ, പരിരക്ഷ പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| പ്രൊജക്ട് നമ്പർ | തുക/പെർഫോമ ഇൻവോയ്സ് നമ്പർ | ബിൽ നമ്പർ/ഡി.ഡി നമ്പർ | ലഭ്യമായ മരുന്നുകൾ | | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നമ്പർ | തുക | |
| 19/15-16 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 150000 രൂപ PRF 3756/14-03-2016 | 06/15-16 തി. 20-03-2016 308688/31-03-2016 | 4819/22-11-2016 | 38046 | |
| | | | 4901/24-11-2016 | 86116 | |
| ആകെ | | | | 124162 | 25838 |
| 20/15-16 പരിരക്ഷ | 120000 രൂപ PRF 4219/23-03-2016 | 05/15-16 തി. 30-03-2016 308693/31-03-2016 | 4344/07-11-2016 | 42393 | 77607 |

ലഭ്യമാവാനവശേഷിക്കുന്ന 103445 രൂപയുടെ (25838 + 77607) മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-17 ഭക്ഷണസാധനങ്ങൾക്ക് അധിക വില നൽകി

2015-16 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി ( 19/16) പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ അംഗനവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയത് "സമൃദ്ധി ഫുഡ് സ്റ്റോർ" നെടിയിരുപ്പ് എന്ന കുടുംബശ്രീ യൂനിറ്റിൽ നിന്നുമാണ്.

അംഗൻ വാടികൾക്കുള്ള ഭക്ഷണ സാധനങ്ങളുടെ വില മാവേലി സ്റ്റോർ , ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെക്കാൾ കൂടാൻ പാടില്ല എന്ന നിബന്ധനയിലാണ് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.
2015-16 വർഷത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്ത ഭക്ഷ്യ സാധനങ്ങളുടെ വില പരിശോധിച്ചതിൽ സപ്ലൈകോ അംഗീകരിച്ച മൊത്ത വിലപന വിലയെക്കാൾ/ മാവേലിസ്റ്റോറിൽ ഈടാക്കിയതിനേക്കൾ കൂടുതൽ തുക പഞ്ചായത്തിൽ നിന്ന് ഈടാക്കിയതായി കാണുന്നു.

| ബിൽ നമ്പർ | സാധനം/ അളവ് | നിരക്ക് | ആകെ ഈടാക്കിയ തുക | സപ്ലൈകോ അംഗീകൃത വില | നൽകാവുന്ന കൂടിയ തുക | അധികം |
|---|---|---|---|---|---|---|
| 2/31.07.2015 | വെളിച്ചെണ്ണ/ 190 | 170 | 32300 | 137.20 | 26068 | 6232 |
| | റാഗി/ 3000 | 30 | 90000 | 22 | 66000 | 24000 |
| | ചെറുപയർ/ 520 | 92.50 | 48100 | 92 | 47840 | 260 |
| 4/13.10.2015 | റാഗി/1550 | 30 | 46500 | 22.50 | 34875 | 11625 |
| 6/28.11.2015 | വെളിച്ചെണ്ണ/ 155 | 140 | 21700 | 125.44 | 19443.20 | 2256.8 |
| | റാഗി/ 3100 | 30 | 93000 | 22.5 | 69750 | 23250 |
| | ചെറുപയർ/ 620 | 105 | 65100 | 102 | 63240 | 1860 |
| 10/10.03.2016 | വെളിച്ചെണ്ണ/ 215 | 135 | 29025 | 100.94 | 21702.1 | 7322.9 |
| | റാഗി/ 1550 | 30 | 46500 | 24 | 37200 | 9300 |

| | | | | | | |
|---|---|---|---|---|---|---|
| | ചെറുപയർ/ 665 | 99 | 65835 | 90 | 59850 | 5985 |
| | | | | | | 92091.7 |

കൂടാതെ ബിൽ പ്രകാരം വാങ്ങിയ ശർക്കര യുടെ വിലയിലും സമീപ മാവേലി സ്റ്റോറുകൾ ഈടാക്കിയതിനെക്കാൾ ഉയർന്ന തുക ഈടാക്കിയതായി കാണുന്നു.

സപ്ലൈകോ അംഗീകൃത മൊത്തവിതരണ വിലയെക്കാൾ കൂടുതൽ നിരക്ക് നൽകാൻ ഇടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ വില കൂടുതൽ ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-18 നെൽ കൃഷി ഉൽപാദന ബോണസ് വിതരണ വിവരം ലഭ്യമല്ല

നിർവഹണം : കൃഷി ഓഫീസർ

തുക : 63000 രൂപ (ബി ഫണ്ട്)

ബിൽ നമ്പർ : 05/15-16 തി. 23-03-2016

നെൽ കൃഷി ഉൽപാദന ബോണസ്, 221 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനായി 63000 രൂപ പിൻവലിച്ചിട്ടുണ്ട്. താഴെപ്പറയും പ്രകാരം വിവിധ ബാങ്കുകളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്.

| ബാങ്കിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എടവണ്ണപ്പാറ | 133 | 39450 |
| ഫെഡറൽ ബാങ്ക്, എടവണ്ണപ്പാറ | 12 | 3180 |
| പഞ്ചാബ് നാഷണൽ ബാങ്ക്, വാഴക്കാട് | 28 | 7510 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വാഴക്കാട് | 26 | 6780 |
| കേരള ഗ്രാമീണ ബാങ്ക്, വാഴക്കാട് | 18 | 5500 |
| ആകെ | 217 | 62420 |

ബോണസ് നൽകുന്നതിനായി പിൻവലിച്ച 63000 രൂപയിൽ 580 രൂപ വിതരണം ചെയ്തതായി കാണുന്നില്ല. മാത്രവുമല്ല നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ ലിസ്റ്റിലെ നാല് പേർക്ക് ആനുകൂല്യം വിതരണം ചെയ്തതായും കാണുന്നില്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/22-12-2016) നിർവഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ നൽകിയ മറുപടിയിൽ കാനറ ബാങ്ക് വള്ളുവമ്പ്രം, എം.ഡി.സി ബാങ്ക് വാഴക്കാട് എന്നിവയിൽ യഥാക്രമം 400, 180 രൂപ നൽകി എന്നും രശീതി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-19 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 64ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 191 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ, ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ്

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രായോഗിക തലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുകയും നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാരത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-20 വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല

പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 52500 രൂപ വീതം അടവാക്കിവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല.

പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കണ്ടെത്തി അധികം പണം നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 3-21 തെരുവ് വിളക്ക് - രേഖകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ₹ 18919 വീതം അടവാക്കി വരുന്നുണ്ട്.

തെരുവ് വിളക്കിന് മീറ്റർ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 15740 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1991-92,92-93,93-94 | 9(A),(B),(C), 7(A), (B) 15-2(A),(B) | 2225 | ഷാകിർ അലി.കെ | 11506103768/07-10-15 |
| 1991-92,92-93,93-94, 95-96 | 15-2(C), 18 | 4079 | ഷാകിർ അലി.കെ | 11506104251/11-11-15 |
| 1983-84 | 21 | 449 | സെക്രട്ടറി | 11506104987/18-12-15 |
| 1986-87,87-88 | 9(A),(B) | 1390 | സെക്രട്ടറി | 11506104988/18-12-15 |
| 1996-97 | 37 | 25 | സെക്രട്ടറി | 11506104989/18-12-15 |
| 1997-98 | 30 | 168 | സെക്രട്ടറി | 11506104990/18-12-15 |
| 1998-99 | 40 | 509 | സെക്രട്ടറി | 11506104991/18-12-15 |
| 1998-99 | 2(7) | 605 | സെക്രട്ടറി | 11506104992/18-12-15 |
| 2002-03 | 2-3 | 540 | സെക്രട്ടറി | 11506104993/18-12-15 |
| 2003-04 | 2-1 | 300 | സെക്രട്ടറി | 11506104994/18-12-15 |
| 2004-05 | 2-2(B) | 122 | സെക്രട്ടറി | 11506104995/18-12-15 |
| 2004-05 | 3-5 | 378 | വിജയൻ.ടി, ക്ലർക്ക് | 11506105698/13-01-16 |
| 2004-05 | 3-5 | 250 | - | 41500283/28-01-16 |
| 2004-05 | 3-4 | 4100 | ഉബൈദ് | 11506106204/30-01-16 |
| 2011-12 | | 300 | റംലത്ത്. ടി.കെ | 11506101204/26-05-15 |
| 2011-12 | | 300 | രോഹിണി ദേവി | 11506101205/ |
| | ആകെ | 15740 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | 36,41 | ചോലക്കുഴി റോഡ് കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2005-06 | 3(2) | 2010-11 | 3(3) | | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(1), 3(3) | 2010-11 | 3(3) | | നടപടി തുടർന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | വരുന്നു |
| 2007-08 to 2009-10 | 3(2), 3(13) | 2012-13 | 3(2) | | നടപടി തുടർന്നു വരുന്നു |
| 2011-12 2012-13 | | 2014-15 | 4(1) | നിഷ്ക്രിയ ആസ്ഥി അവലോകനം | നടപടി തുടർന്നു വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44484144 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64669164 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 116167 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4342970 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 41817 | ശ്രീമതി. ജയ. ഒ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ - 20909 |
| | | | ശ്രീ. മുഹമ്മദ് ബഷീർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 20908 |
| 3-2 | | 10350 | ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ |
| 3-3 | | 9150 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-4 | | 2602 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-5 | | 2250 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-6 | | 49998 | ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ |
| ആകെ | | 116167 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 143282 | ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ |
| 3-7 | 150000 | ശ്രീമതി. ജയ. ഒ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 267631 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-9 | 540000 | ശ്രീ. സുബ്രഹ്മണ്യൻ. ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 650000 | ശ്രീ. സുബ്രഹ്മണ്യൻ. ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 43186 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |

| | | |
|---|---|---|
| 3-12 | 2023971 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-13 | 307800 | ശ്രീ. മുഹമ്മദ് റഹ്മത്തുള്ള ടി.കെ, ഹെഡ്മാസ്റ്റർ |
| 3-14 | 65000 | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി |
| 3-15 | 152100 | ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ |
| ആകെ | 4342970 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-2 കാണുക

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി | സെക്രട്ടറി, താമരശ്ശേരി ഗ്രാമ പഞ്ചായത്ത് | കുറിയത്താഴ വീട്, കീഴാൽ പി.ഒ, വടകര, കോഴിക്കോട് 673104 |
| ശ്രീമതി. ജയ. ഒ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, ചൊവ്വന്നൂർ | വെളിയൻ വീട്, രാപ്പാൽപുതുക്കാ പി.ഒ, തൃശ്ശൂർ 680301 |
| ശ്രീ. മുഹമ്മദ് ബഷീർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | പൂക്കണ്ടത്തിൽ വീട്, വാഴക്കാട് പി.ഒ, മലപ്പുറം |
| ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വാഴക്കാട് ഗ്രാമ പഞ്ചായത്ത് | എടക്കണ്ടിപ്പറമ്പ് വീട്, മാട്ടാപ്പാറ റോഡ്, ചെറൂപ്പ പി.ഒ, കോഴിക്കോട് ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.9/1496/03 തി:23.10.2003 | 5 | |
| 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 | |
| 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 | |
| 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 | |
| 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 | |
| 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 | |
| 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 | |
| 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 | |
| 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 | |
| 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 | |
| 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 | |
| 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 5-1

## അനുബന്ധം - I

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം. 7/31/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

e-mail www.dompm.ksad@kerala.gov.in

തീയതി- 06.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 31-03-2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# AUDIT CERTIFICATE

No. KSA/MPM -7/31/2017

Kerala State Audit Department

District Audit Office Malappuram

e-mail www.dompm.ksad@kerala.gov.in

Certified that I have Audited the Annual Financial Statement of Vazhakkad Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Vazhakkad Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT